**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4869** **13-03-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത ആദിവാസി കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത ആദിവാസി കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | **കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകുവാനും, ഗോത്രകലകളിലെ ആയിരം പ്രതിഭകൾക്ക് മൂവായിരം രൂപ വീതം പ്രതിഫലം നല്കുവാനും, സംസ്ഥാനത്തെ 5 ജില്ലകളിൽ 11 ദിനങ്ങളിലായി 'തളിർമിഴി ഗോത്രകലായാത്രാ' 2023 ഫെബ്രുവരി 26 മുതൽ മാർച്ച് 25 വരെ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ കൽപ്പറ്റ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം/ കൊല്ലം അതിർത്തി പ്രദേശമായ കുളത്തൂപ്പുഴ എന്നീ ഇടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിൽ കണ്ട് ആസ്വദിക്കാവുന്ന വേദികളിലും ലോകത്തെ വിവിധ ഇടങ്ങളിലെ മലയാളികൾക്ക് ഓൺ ലൈൻ വഴി കണ്ട് ആസ്വദിക്കാവുന്ന രീതിയിലും, വ്യത്യസ്തമായ ശൈലിയിലാണ് 'തളിർമിഴി ഗോത്രകലായാത്രാ ' എന്ന പരിപാടി സംഘടിപ്പിക്കുന്നത്. മന്നാൻകൂത്ത്, ഇരുളനൃത്തം, പളിയനൃത്തം, എരുതുകളി, മലപുലയാട്ടം, മറയുരാട്ടം, രാമർകൂത്ത്, ഊരാളികൂത്ത്, കൊക്കരചാറ്റ്, ചോണ കളി (കാണി), മുളംചെണ്ട, അട്ടപ്പാടി ഗോത്രകലകൾ, തുടികൊട്ടുപാട്ട്, ഗദ്ദിക, കമ്പളനാട്ടി, വേടൻപാട്ട്, വിളക്ക്കെട്ട്കളി, പൂപ്പടയാട്ടം, കാട്ട്പാട്ട്, ചാറ്റ്പാട്ടുകൾ, ആദിവാസിപാട്ട്, മംഗലംകളി, ഇരുളനൃത്തവും പാട്ടും, ലക്കടിയ നൃത്തം, കൊറഗ നൃത്തം, തോട്ടിയാട്ടം, കൂനാട്ട്, കോൽക്കളി, കസ്യാട്ട, വട്ടക്കളി, ദവിലാട്ടം, തുടിതാളം, നാടൻപാട്ട്, ഹരിചന്ദ്രകൂത്ത്, മെലയാട്ട്, ഊടാട്ട്, മധുരവീരൻ കൂത്ത്, റുഡുഗ നൃത്തം, കൂത്ത്, കമ്മിയടി, കമ്പാട്ടം, തുമ്പികളി, മാവിലരുടെ വംശീയപാട്ടുകൾ, മറമൂടാൻ കളി, കൂന്തൽകളി, കാട്ട് നായ്ക്കർ നൃത്തം, മൂദ്ദ്ഗ നൃത്തം, കുറുമ്പ നൃത്തം, കാടർ നൃത്തം, സൊല്ലേലം കളി, മുറം കിലുക്കി പാട്ട്, മുതുവാൻ ആട്ടം, കമ്പ് കളി,** |

| | | | |
|---|---|---|---|
| | | | ചവിട്ട് കളി, മുടിയാട്ടം, ചോനൻ കളി, കൊരമ്പ നൃത്തം, ചോണൻ കളി, കളിയാട്ടം, മാൻപാട്ട്, മുഡുകനൃത്തം, വടി നൃത്തം, മലങ്കുത്ത്, കമ്പടി കളി എന്നീ ഗോത്രകലകൾ ആണ് ഗോത്രകലായാത്രയിൽ അവതരിപ്പിക്കുന്നത്. കിർത്താഡ്സ്ന്റെ സഹകരണത്തോടെയാണ് സാംസ്കാരിക വകുപ്പ് ഗോത്രകലായാത്ര സംഘടിപ്പിക്കുന്നത്.<br><br>തളിർമിഴി എർത്ത് ലോർ 2023 ന്റെ സംസ്ഥാന തല ഉദ്ഘാടനം 2023 ഫെബ്രുവരി 26 ന് പാലക്കാട് അട്ടപ്പാടിയിലെ ചെമ്മണ്ണൂരിൽ (ഗോത്ര ക്ഷേത്ര മൈതാനം) ബഹു.സാംസ്കാരിക വകുപ്പ് മന്ത്രി നിർവഹിച്ചു. ഭാരത് ഭവന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ തളിർമിഴി എർത്ത് ലോർ 2023 എന്ന പരിപാടിയിൽ 15 കലാസംഘങ്ങളുടെ അവതരണങ്ങൾ ഒരുക്കുകയും 235 കലാപ്രതിഭകൾക്ക് 3000/- രൂപ വീതം 7,05,000.00(ഏഴ് ലക്ഷത്തി അയ്യായിരം രൂപ) അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫെബ്രുവരി 26, 27 തീയതികളിൽ ഗോത്ര വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഗോത്ര ഗാനാലാപനം, പൊതുഗാനാലാപനം, ചിത്രരചന എന്നീ വിഭാഗങ്ങളിലെ മത്സരങ്ങൾ ഗോത്ര സമൂഹത്തിലെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിൽ പാരമ്പര്യ കലകൾ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കേരള ഫോക് ലോർ അക്കാദമി കേരളത്തിലെ ആദിവാസി സംസ്കൃതിയും കലയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നാടൻകലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ, പൊലിചാതുർമാസിക എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>മലയാളം മിഷൻ മുഖേന ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകി വരുന്നുണ്ട്. |
| (ബി) | അട്ടപ്പാടിയിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ആദിവാസികൾക്ക് വേണ്ടി ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ | (ബി) | കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകുവാനും, ഗോത്രകലകളിലെ ആയിരം പ്രതിഭകൾക്ക് മൂവായിരം |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | **രൂപ വീതം പ്രതിഫലം നല്കുവാനും, സംസ്ഥാനത്തെ 5 ജില്ലകളിൽ 11 ദിനങ്ങളിലായി 'തളിർമിഴി ഗോത്രകലായാത്രാ' 2023 ഫെബ്രുവരി 26 മുതൽ മാർച്ച് 25 വരെ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ കൽപ്പറ്റ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം/ കൊല്ലം അതിർത്തി പ്രദേശമായ കുളത്തുപ്പുഴ എന്നീ ഇടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിൽ കണ്ട് ആസ്വദിക്കാവുന്ന വേദികളിലും ലോകത്തെ വിവിധ ഇടങ്ങളിലെ മലയാളികൾക്ക് ഓൺ ലൈൻ വഴി കണ്ട് ആസ്വദിക്കാവുന്ന രീതിയിലും, വ്യത്യസ്തമായ ശൈലിയിലാണ് 'തളിർമിഴി ഗോത്രകലായാത്രാ ' എന്ന പരിപാടി സംഘടിപ്പിക്കുന്നത്. മന്നാൻകൂത്ത്, ഇരുളനൃത്തം, പളിയനൃത്തം, എരുതുകളി, മലപുലയാട്ടം, മറയുരാട്ടം, രാമർകൂത്ത്, ഊരാളികൂത്ത്, കൊക്കരചാറ്റ്, ചോണ കളി (കാണി), മുളംചെണ്ട, അട്ടപ്പാടി ഗോത്രകലകൾ, തുടികൊട്ടുപാട്ട്, ഗദ്ദിക, കമ്പളനാട്ടി, വേടൻപാട്ട്, വിളക്ക്കെട്ട്കളി, പൂപ്പടയാട്ടം, കാട്ട്പാട്ട്, ചാറ്റ്പാട്ടുകൾ, ആദിവാസിപാട്ട്, മംഗലംകളി, ഇരുളനൃത്തവും പാട്ടും, ലക്കടിയ നൃത്തം, കൊറഗ നൃത്തം, തോട്ടിയാട്ടം, കുനാട്ട്, കോൽക്കളി, കസ്യാട്ട, വട്ടക്കളി, ദവിലാട്ടം, തുടിതാളം, നാടൻപാട്ട്, ഹരിചന്ദ്രകൂത്ത്, മെലയാട്ട്, ഊടാട്ട്, മധുരവീരൻ കൂത്ത്, റുഡുഗ നൃത്തം, കൂത്ത്, കുമ്മിയടി, കമ്പാട്ടം, തുമ്പികളി, മാവിലരുടെ വംശീയപാട്ടുകൾ, മറമൂടാൻ കളി, കുന്തൽകളി, കാട്ട് നായ്ക്കർ നൃത്തം, മൂദ്ദ്ഗ നൃത്തം, കുറുമ്പ നൃത്തം, കാടർ നൃത്തം, സൊല്ലേലം കളി, മുറം കിലുക്കി പാട്ട്, മുതുവാൾ ആട്ടം, കമ്പ് കളി, ചവിട്ട് കളി, മുടിയാട്ടം, ചോനൻ കളി, കൊരമ്പ നൃത്തം, ചോണൻ കളി, കുളിയാട്ടം, മാൻപാട്ട്, മുഡുകനൃത്തം, വടി നൃത്തം, മലങ്കൂത്ത്, കമ്പടി കളി എന്നീ ഗോത്രകലകൾ ആണ് ഗോത്രകലായാത്രയിൽ അവതരിപ്പിക്കുന്നത്. കിർത്താഡ്സ്ന്റെ സഹകരണത്തോടെയാണ് സാംസ്കാരിക വകുപ്പ് ഗോത്രകലായാത്ര സംഘടിപ്പിക്കുന്നത്.**<br><br>**തളിർമിഴി എർത്ത് ലോർ 2023 ന്റെ സംസ്ഥാന തല ഉദ്ഘാടനം 2023 ഫെബ്രുവരി 26 ന് പാലക്കാട് അട്ടപ്പാടിയിലെ ചെമ്മണ്ണൂരിൽ (ഗോത്ര ക്ഷേത്ര മൈതാനം) ബഹു.സാംസ്കാരിക വകുപ്പ് മന്ത്രി നിർവഹിച്ചു. ഭാരത് ഭവന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ തളിർമിഴി എർത്ത് ലോർ 2023 എന്ന പരിപാടിയിൽ 15 കലാസംഘങ്ങളുടെ** |

| | | | |
|---|---|---|---|
| | | | അവതരണങ്ങൾ ഒരുക്കുകയും 235 കലാപ്രതിഭകൾക്ക് 3000/- രൂപ വീതം 7,05,000.00(ഏഴ് ലക്ഷത്തി അയ്യായിരം രൂപ) അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫെബ്രുവരി 26, 27 തീയതികളിൽ ഗോത്ര വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഗോത്ര ഗാനാലാപനം, പൊതുഗാനാലാപനം, ചിത്രരചന എന്നീ വിഭാഗങ്ങളിലെ മത്സരങ്ങൾ ഗോത്ര സമൂഹത്തിലെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിൽ പാരമ്പര്യ കലകൾ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കേരള ഫോക് ലോർ അക്കാദമി കേരളത്തിലെ ആദിവാസി സംസ്കൃതിയും കലയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നാടൻകലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ, പൊലി ചാതുർമാസിക എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>മലയാളം മിഷൻ മുഖേന ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ